II ഇ.ബി. XIII- കേരള നിയമസഭ/XIV-11

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 14, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(*331, *332 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല.)

28 (*333) സോളാർ പാർക്ക്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംയുക്തമായി കാസർഗോഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന 'സോളാർ പാർക്ക് പദ്ധതി'ക്ക് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത

പദ്ധതിയിൽ 100 മെഗാവാട്ട് സോളാർ പാർക്ക് സ്കീം പ്രകാരവും 100 മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയുമാണ് നടപ്പിലാക്കുന്നത്. പൂർണ്ണമായും കേന്ദ്ര ധനസഹായമുപയോഗിച്ച് നിർമ്മിക്കുന്ന പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപയും അടിസ്ഥാന സൗകര്യവികസനങ്ങൾക്ക് നാൽപ്പത് കോടി രൂപയും കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം ധനസഹായമായി അനുവദിക്കുന്നതാണ്. പാർക്കിനുള്ളിൽ സംരംഭകർ മുഖേന ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയ്ക്കും, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കും വൈദ്യുതി ബോർഡ് വാങ്ങുന്നതാണ്. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന ഒരു കിലോ വാട്ട് മുതൽ 100 കിലോ വാട്ട് വരെ ഉല്പാദന ശേഷിയുള്ള പ്ലാന്റുകൾക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സബ്സിഡി നൽകിവരുന്നുണ്ട്. സൗരോർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 12000 വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നോഡൽ ഏജൻസിയായ അനെർട്ടിന്റെ കീഴിൽ ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കുന്ന നിയമം പ്രാബല്യത്തിൽ വരുത്തുന്ന

കാര്യത്തിന്മേൽ താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്. സോളാർ പാർക്ക് പദ്ധതിയിൻകീഴിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലം വേണ്ടിവരുമെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

29 (*334) <u>വൈദ്യുതി വിതരണ ശൃംഖലയിലൂടെയുള്ള നഷ്ടം</u>

ഊർജ്ജ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രസരണ-വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക നഷ്ടവും വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ, ബില്ലിംഗിൽ വരുന്ന തെറ്റുകൾ എന്നിവ നിമിത്തമുണ്ടാകുന്ന വാണിജ്യ നഷ്ടവും പരിഹരിക്കുന്നതിനായി വൈദ്യുതി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. എച്ച്.ടി./എൽ.ടി. ലൈൻ അനുപാതം മെച്ചപ്പെടുത്തൽ; കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കൽ; എച്ച്.ടി./എൽ.ടി. ലൈനുകളിൽ പുതിയ കണ്ടക്ടർ സ്ഥാപിക്കൽ; സിസ്റ്റം

പവർ ഫാക്ടർ മെച്ചപ്പെടുത്തൽ; കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കൽ എന്നീ നടപടികളിലൂടെ സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ; ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കൽ; ബില്ലിംഗും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവൽക്കരിക്കൽ; ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും എനർജി ഓഡിറ്റ് വ്യാപകമാക്കൽ എന്നീ നടപടികളിലൂടെ വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബോർഡിന്റെ കാര്യക്ഷമമായ നടപടികളിലൂടെ 2013-14 കാലയളവിൽ പ്രസരണ-വിതരണ നഷ്ടം 14.96 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ 295 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 15 പുതിയ സബ്സ്റ്റേഷനുകളും 2800 സർക്യൂട്ട് കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 4000 സർക്യൂട്ട് കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 8 ലക്ഷം കേടായ മീറ്ററുകളും മാറ്റിസ്ഥാപിച്ച് പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ചെറിയ ടവറുകൾ സ്ഥാപിച്ച് അപകടകരമായ വൈദ്യുതി ലൈനുകൾ വലിച്ചുകെട്ടുന്നതിനും അപകടാവസ്ഥയിലുള്ള പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനും അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്. വൈദ്യുതി ഉപഭോഗം കുറച്ചുകൊണ്ടുവരുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക

പാരിതോഷികം നൽകുന്ന പദ്ധതി തുടരുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി ഭൂഗർഭ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

30 (*335) <u>സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>) നൽകിയ മറുപടിയിൽ, 10-05-2005-ലെ സർക്കാർ ഉത്തരവുപ്രകാരം 8, 9, 10, പ്ലസ്ടു, ബിരുദം, ബിരുദാനന്തര കോഴ്സുകൾ, കലാകായിക മത്സരങ്ങൾ എന്നിവയിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു.

കലാമത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയാണ് സാമ്പത്തിക സഹായം നൽകുന്നതിന് പരിഗണിച്ചുവരുന്നത്. പട്ടികവർഗ്ഗ

വിദ്യാർത്ഥികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിന് വകുപ്പ് എല്ലാവിധ പ്രോത്സാഹനവും നൽകിവരുന്നുണ്ട്. 'സർഗോത്സവം' പദ്ധതി പ്രകാരമുള്ള ഗ്രേസ് മാർക്ക് ഹയർ സെക്കന്ററി തലത്തിൽകൂടി ഏർപ്പെടുത്തുന്ന കാര്യത്തിൽ യുക്തമായ തീരുമാനമെടുക്കുന്നതാണ്. അടുത്ത അധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അന്യംനിന്നുപോകുന്ന പാരമ്പര്യ കലകളെ സ്കൂൾ കലോത്സവങ്ങളിൽ മത്സര ഇനങ്ങളായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 3154 മുതൽ 3431 വരെയുള്ള ചോദ്യങ്ങളിൽ 98 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *